# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത 6116-ാം നമ്പർ ചോദ്യം 28.10.2011 -ലെ മറുപടിക്ക്

### ബാങ്കുകൾ വഴി ശമ്പളാനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) നോൺഗസറ്റഡ് ജീവനക്കാരുടെയും അദ്ധ്യാപകരുടേയും പെൻഷൻ ആനുകൂല്യങ്ങൾ ഒഴികെയുള്ള ശമ്പളാനുകൂല്യങ്ങൾ നാഷണലൈസ്ഡ് ബാങ്കുകൾ വഴി വിതരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) 23.9.2011 ലെ സ.ഉ (പി) 402/11/ധന പ്രകാരം ഗസറ്റഡ് ഓഫീസർമാർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജീവനക്കാരുടേയും പെൻഷൻ ആനുകൂല്യങ്ങൾ ഒഴികെയുള്ള ശമ്പളവും മറ്റ് അലവൻസുകളും ജീവനക്കാരുടെ സമ്മതത്തോടെ പൊതുമേഖലാ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തീരുമാനം ഭാവിയിൽ ട്രഷറി ജീവനക്കാരുടെ ജോലി സ്ഥിരതയെ ബാധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ട്രഷറി വഴി ബില്ല് മാറുന്ന സമ്പ്രദായത്തിൽ കാര്യമായ മാറ്റം വരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ട്രഷറി ജീവനക്കാരുടെ ജോലി സ്ഥിരതയെ പുതിയ ഉത്തരവ് ഒരു രീതിയിലും ബാധിക്കുന്നില്ല. |
| (സി) സംസ്ഥാനത്ത് കമ്പ്യൂട്ടർവൽക്കരിക്കപ്പെടാത്ത ട്രഷറികൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) സംസ്ഥാനത്തെ എല്ലാ ട്രഷറികളും കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. എന്നാൽ ആധുനിക രീതിയിൽ സേവനങ്ങൾ നൽകുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട് |

സെക്ഷൻ ഓഫീസർ